## തയോപഗൂഢ: പരിരബ്ധകന്ധരോ രഹോ*f* നുമന്ത്രൈരപകൃഷ്ട ചേതന:
## ന കാലരംഹോ ബുബുധേ ദുരത്യയം ദിവാ നിശേതി പ്രമദാപരിഗ്രഹ: (4–27–3)

നാരദമുനി തുടർന്നു: രാജാവ് പൂർണ്ണമായും തൻെറ അടിമയായെന്നു ബോദ്ധ്യമായ രാജ്ഞി എഴുന്നേറ്റുകുളിച്ച് അണിഞ്ഞൊരുങ്ങി അദ്ദേഹത്തിൻെറ സാമീപ്യം ആസ്വദിച്ചു. രാജ്ഞിയുടെ വിഷയാസക്തമായ പ്രേമത്തിൽ രാജാവ് ജീവിതം മുഴുവൻ ചിലവഴിച്ചു. സമയം കടന്നുപോകുന്നതോ രാത്രിയോ പകലോ ഒന്നും രാജാവറിഞ്ഞില്ല. സുഖത്തിനായുള്ള ആസക്തി അദ്ദേഹത്തിൻെറ വിവേകവിവേചനശക്തികൾ കവർന്നെടുത്തിരുന്നു. തൻെറ ഭാര്യയിൽ ആയിരത്തിയൊരുനൂറ് പുത്രന്മാരും നൂറ്റിപ്പത്തുപുത്രികളും ഉണ്ടായി. അവരുടെയെല്ലാം വിവാഹങ്ങൾ കെങ്കേമമായി നടത്തികൊടുത്തു. അവർക്ക് കുട്ടികളുണ്ടായി തൻെറ കുലം വർദ്ധിക്കുന്നതു കണ്ട് രാജാവ് സന്തോഷിച്ചു. അദ്ദേഹവും നിങ്ങൾ ഇപ്പോൾ നടത്തുന്നതുപോലെ മൃഗബലി നടത്തി നിരപരാധികളായ നിരവധി മിണ്ടാപ്രാണികളുടെ ശാപമേറ്റു വാങ്ങി. അങ്ങിനെ ആത്മീയതക്ക് വിരുദ്ധമായ പ്രയോജനരഹിതമായ ജീവിതം നയിക്കേ വാർദ്ധ്യക്യസഹജമായ അസുഖങ്ങൾ രാജാവിനെ പിടികൂടി.

ചണ്ടവേഗൻ എന്ന രാജാവാണ് ഗന്ധർവ്വന്മാരുടെ നേതാവ്. അദ്ദേഹത്തിന് മുന്നൂറ്റിയറുപത് കിങ്കരന്മാരും അത്രതന്നെ വെളുത്ത സ്ത്രീകളും ചേർന്ന ഒരു പടയുണ്ട്. ഏതൊരു പട്ടണത്തേയും അവർ ആക്രമിക്കും. ഇപ്പോഴല്ലെങ്കിൽ മറ്റൊരിക്കൽ. പുരഞ്ജനൻെറ നഗരത്തെ ആക്രമിച്ചപ്പോഴൊക്കെ പ്രജാളരൻ എന്ന സർപ്പം അതിനെ ചെറുത്തുനിന്നു. വയസ്സായതോടെ സർപ്പത്തിനും ക്ഷീണമായി. രാജാവിന് വരാൻ പോവുന്ന വിപത്തിനേക്കുറിച്ചാലോചിക്കാനായില്ല. അദ്ദേഹം പരിക്ഷീണനായിരുന്നു.

കാലൻെറ ഒരു പുത്രിയാണ് ദുർഭഗ. പേരിനൊത്തു ഭയങ്കരമായിരുന്നു അവളുടെ രൂപവും. അവൾ ഒരു ഭർത്താവിനെ തേടി. അവൾ കുറച്ചുനാൾ യയാതിയുടെ പുത്രനായ പുരുവിൻെറ ഭാര്യയായിരുന്നു. പിന്നീടവൾ എന്നെ വശീകരിക്കാൻ തുനിഞ്ഞു. ഞാനതിനെ ചെറുത്തുനിന്നപ്പോൾ “ജന്മം മുഴുവൻ അലഞ്ഞുനടക്കാനിടവരട്ടെ” എന്ന് അവളെന്നെ ശപിക്കുകയും ചെയ്തു. പിന്നീടവർ ‘ഭയ’ത്തിനെ ചെന്നുകണ്ട് അയാളെ വശീകരിക്കാൻ ശ്രമിച്ചു. ഭയത്തിൻെറ അജയ്യശക്തിയെപ്പറ്റിപ്പറഞ്ഞ് അയാളെ പുകഴ്ത്തി. “അങ്ങയുടെ പേരിൽ ജനങ്ങളിലുള്ള പ്രത്യാശ ഒരിക്കലും പാഴാവുന്നില്ല. (പ്രത്യാശയുള്ളിടത്തെല്ലാം ഭയം പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ.) വച്ചുനീട്ടുന്ന സമ്മാനത്തെ സ്വീകരിക്കാത്തവൻ വിഡ്ഢിയത്രെ. സ്വീകരിക്കുന്നതു പുരുഷലക്ഷണവും.” അങ്ങിനെ വിവാഹാഭ്യർത്ഥന നടത്തി ഭുർഭഗ.

ദേവന്മാരുടെ ഗൂഢാലോചന മണത്തറിഞ്ഞ ഭയം (ലോകത്തിലെ എല്ലാ ജീവികളുടേയും മരണം) പുഞ്ചിരിയോടെ മറുപടി പറഞ്ഞു. “ഭവതിയെ ലോകത്തിലുള്ള എല്ലാവർക്കും വെറുപ്പാണല്ലോ. പക്ഷെ വിഷമിക്കേണ്ടതില്ല. നിനക്കുപറ്റിയ ഒരു ഭർത്താവിനെ ഞാൻ കാണിച്ചുതരാം. മാത്രമല്ല എൻെറ പടയുടെ ശല്യമൊന്നുമില്ലാതെ ഈ സൃഷ്ടിയെ മുഴുവൻ ആസ്വദിച്ച് അവരവരുടെ കർമ്മങ്ങൾക്കനുസരിച്ച് അവർക്ക് ദുർഭാഗ്യം വിളമ്പി ജീവിക്കുകയും ചെയ്യാം. എൻെറ സഹോദരൻ പ്രജ്വരൻ നിന്നെ കല്ല്യാണം കഴിക്കും. ഞാൻ നിനക്കൊരു ജ്യേഷ്ഠനായിരിക്കും. നമുക്കു മൂവർക്കും, ആതിഥേയരുടെ സഹായത്തോടെ ലോകം മുഴുവനുമുള്ള മാനവരാശിയെ കീഴടക്കി ജീവിക്കാം.” (ഭയം, ദൗർഭാഗ്യം, പ്രജ്വരം)